## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1840** **25.03.2013 ൽ മറുപടിയ്ക്ക്**

### താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ.കെ. അജിത്

ശ്രീ. കെ.ബി. ഗണേഷ് കുമാർ
(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വനം വകുപ്പിൽ ജോലി ചെയ്യുന്ന താൽക്കാലിക വാച്ചർമാരെ സ്ഥിര പ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വർഷം ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | വനം വകുപ്പിൽ 20 വർഷം കഴിഞ്ഞ വാച്ചർമാരുടെയും, 15 വർഷത്തിൽ കൂടുതലായ ഡ്രൈവർമാർ, കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ/ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർ എന്നിവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ശുപാർശ ഭരണവിഭാഗം മുഖ്യ വനപാലകൻ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് വരുന്നു.. |
| (ബി) | ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്തവരെയാണ് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന വാച്ചർമാർ ജോലി ചെയ്ത വർഷം കണക്കാക്കുമ്പോൾ തുടർച്ചയായി ജോലി ചെയ്ത വർഷമാണോ, വകുപ്പിൽ ആകെ ജോലി ചെയ്ത വർഷമാണോ കണക്കാക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഡി) | വനം വകുപ്പിൽ സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന താത്ക്കാലിക ജീവനക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിൻെറ പകർപ്പ് ലഭ്യമാക്കുമോ; | (ഡി) | സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്ന താൽക്കാലിക ജീവനക്കാരുടെ അന്തിമ പട്ടിക തയ്യാറായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**